**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 30** **01-02-2023 - ൽ മറുപടിയ്ക്ക്**

**കോസ്റ്റൽ സോൺ മാനേജ്മെൻ്റ് അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻ്റ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പുന:സംഘടിപ്പിക്കാത്തതിനാൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 30.09.2019 ലെ SO 3903(E) നം. വിജ്ഞാപന പ്രകാരം പുന:സംഘടിപ്പിച്ച കേരള തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി 29.10.2022 ന് അവസാനിച്ചു. 29.10.2022 ന് കൂടിയ കമ്മിറ്റിയുടെ അവസാനത്തെ യോഗത്തിൽ അതുവരെ ലഭിച്ച പൂർണ്ണമായ അപേക്ഷകൾ പരമാവധി പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഈ യോഗത്തിൽ സമർപ്പിക്കുവാൻ കഴിയാത്തതും, 29.10.2022 ന് ശേഷം ലഭിച്ചതുമായ അപേക്ഷകൾ മാത്രമാണ് നിലവിൽ തീർപ്പാക്കാനാകാതെ കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ഉള്ളത്. |
| (ബി) | കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി അടിയന്തരമായി പുന:സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പുന:സംഘടിപ്പിക്കുന്നതിനായി അംഗങ്ങൾ, വിദഗ്ദ്ധ അംഗങ്ങൾ, നിയമ വിദഗ്ദ്ധൻ, സന്നദ്ധ സംഘടനാംഗം എന്നിവരുടെ ഒരു പാനൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം തീരദേശ പരിപാലന അതോറിറ്റി പുന:സംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ